**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 621** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതിയിൽ ആരംഭിച്ച യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംരംഭക വർഷം 3.0 ഈ വർഷം ഉണ്ടാകുമോ; | (എ) | സംരംഭക വർഷം 1.0, സംരംഭക വർഷം 2.0എന്നിവയുടെ തുടർച്ചയായി സംരംഭക വർഷം 3.0 എന്ന പദ്ധതി 2024-2025 സാമ്പത്തിക വർഷവും സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്നുണ്ട് |
| (ബി) | സംരംഭക വർഷം 1.0, സംരംഭക വർഷം 2.0 സമയങ്ങളിൽ ആരംഭിച്ച യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നറിയുന്നതിനും പ്രവർത്തിക്കുന്നവയ്ക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | 2022-23 സംരംഭകവർഷമായി കേര സർക്കാർ പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തി ചുരുങ്ങിയത് ഒരുലക്ഷം സൂ ക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ച് കൊണ്ട് 3 മുതൽ 4 ലക്ഷം വരെ തൊഴി സൃഷ്ടിക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക തദ്ദേശസ്വയംഭരണം, സഹകരണം ഫിഷറീസ്, മൃഗസംരക്ഷണം മുതലാ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസാ വകുപ്പ് തുടക്കമിട്ടിരുന്നു.<br><br>ഈ പദ്ധതിയുടെ ഭാഗമായി കേരളത്തി 1,39,840 പുതിയ സംരംഭങ്ങൾ, 2022 ഏപ്രി 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോട രൂപയുടെ നിക്ഷേപവും 3,00,051 പുതി തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>ഈ പദ്ധതിയുടെ തുടർച്ചയെന്നോണ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായവകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 1,03,596 പുതിയ സംരംഭങ്ങ കേരളത്തിൽ രൂപീകരിക്കപ്പെട്ടുകയും 7048.66കോടി രൂപയുടെ നിക്ഷേപവു |

2,18,179 പുതിയ തൊഴിലവസരങ്ങള സൃഷ്ടിക്കപ്പെടുകയും ചെയ്തു.

പദ്ധതിയുടെ 2 വർഷത്തെ കാലയളവിൽ കേരളത്തിൽ 2,43,436 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 15470കോടി രൂപയുടെ നിക്ഷേപവും 5,18,231പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

സംരംഭകവർഷം 2022-23-ന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസിലാക്കി വേണ്ട സഹായങ്ങൾ നല്കുന്നതിനായി EDE (Enterprise Development Executive) മാർ എല്ലാ സംരംഭങ്ങളും സന്ദർശിക്കുകയും ഡാറ്റ കളക്ഷൻ നടത്തുകയുംചെയ്തു. ഇതോടൊപ്പ എല്ലാ സംരംഭത്തിന്റെയും ജിയോടാഗ്ഗിങ്ങ നടപ്പിലാക്കി. തുടങ്ങി ആദ്യവർഷം തന്നെ പൂട്ടിപ്പോകുന്ന സംരംഭങ്ങളുടെ കണക്ക പരിശോധിക്കുമ്പോൾ ദേശീയ ശരാശരിയായ 30%-ത്തെ അപേക്ഷിച്ച് കേരളത്തിൽ ഇത 15% മാത്രമാണ് എന്ന് ഈ പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിലെ MSME-കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി മിഷൻ 1000 പദ്ധതിയും 2023-2024 വർഷം ആരംഭിച്ചു. ആദ്യപടിയായി ഇതുവരെ 149 സംരംഭങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട് തിരഞ്ഞെടുത്ത സംരംഭകരിൽനിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചു വരുന്നു

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തര സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) കൾക്ക അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷുറൻസ പരിരക്ഷ നൽകാൻവേണ്ടി MSME ഇൻഷുറൻസ് പദ്ധതി വ്യവസായവകുപ്പ ആരംഭിച്ചു. ഇതുവരെ 2301 അപേക്ഷകൾ

| | | | |
|---|---|---|---|
| | | | ലഭിക്കുകയും, 1089 അപേക്ഷകൾക്ക് അനുമതി നൽകുകയും, 822 അപേക്ഷകൾക്കുള്ള തുക വിതരണം ചെയ്യുകയും ചെയ്തു |
| (സി) | വ്യവസായ വകുപ്പിൽ താൽക്കാലികമായി സംരംഭക വർഷത്തിന് നിയോഗിച്ച ഇ.ഡി.ഇ.മാരുടെ പ്രവർത്തനം സംരംഭകർക്ക് എത്രമാത്രം പ്രയോജനപ്രദമായിരുന്നു എന്നത് സംബന്ധിച്ച ഒരു പഠനം നടത്തുമോ? | (സി) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി നിയോഗിച്ച EDE മാരുടെ പ്രവർത്തനത്തെ സംബന്ധിച്ച് പ്രത്യേകം പഠനം നടത്തുന്നില്ലായെങ്കിലും സംരംഭകവർഷം പദ്ധതിയുമായി ബന്ധപ്പെട്ട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ഇൻഡോർ, സെന്റർ ഫോർ മാനെജ്മെന്റ് ഡെവലപ്പ്മെൻറ് (CMD) എന്നീ ഏജൻസികൾ വഴി 2 വിവിധ പഠനങ്ങൾ നടത്തുന്നുണ്ട്. പ്രസ്തുത പഠന വിഷയങ്ങളിൽ EDE മാരുടെ പ്രവർത്തനങ്ങളും ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ